**ജില്ലയിൽ കമ്മ്യൂണിറ്റി കിച്ചണുകളില് ഇന്ന് ഭക്ഷണം നൽകിയത് 7230 പേർക്ക്**

ആലപ്പുഴ: കോവിഡ് 19ന്റെ പ്രതിരോധവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തില് ആവശ്യമുള്ളവർക്ക് ഭക്ഷണം എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനമാരംഭിച്ച കമ്മ്യൂണിറ്റി കിച്ചണുകള് വഴി ജില്ലയിലെ പഞ്ചായത്തുകളിൽ ബുധനാഴ്ച 6347 പേര്ക്ക് ഉച്ചഭക്ഷണം നൽകിയെന്ന് പഞ്ചായത്ത് ഉപഡയറക്ടര് എസ്. ശ്രീകുമാർ അറിയിച്ചു. ഇതിൽ 114 അതിഥി തൊഴിലാളികളും ഉൾപ്പെടും. 5038 പേർക്ക് സൗജന്യമായാണ് ഭക്ഷണം നൽകിയത്.

നഗരസഭകളുടെ കീഴിൽ ജില്ലയില് 2192 പേർക്ക് ഉച്ചഭക്ഷണം നൽകിയതായി നഗരസഭകളിലെ കമ്മ്യൂണിറ്റി കിച്ചണുകളുടെ ചുമതലയുള്ള സി. പ്രേംജി അറിയിച്ചു. 956 പേർക്ക് സൗജന്യമായാണ് ഭക്ഷണം നൽകിയത്. ഇതിൽ 66 അതിഥി തൊഴിലാളികളും ഉൾപ്പെടും.